# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: **741**

**17-07-2012** ൽ മറുപടിയ്ക്ക്

## കരനെൽകൃഷി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.എ.റ്റി.ജോർജ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കര നെൽകൃഷി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) ഭക്ഷ്യസുരക്ഷയ്ക്ക് പ്രാധാന്യം നൽകികൊണ്ടുള്ള കരനെൽകൃഷി പ്രോത്സാഹന പദ്ധതി 2009-2010 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. നെൽകൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതോടൊപ്പം അധിക ഉല്പാദനവും കൈവരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്ത് 2011-12 വർഷം വരെ വിവിധ പദ്ധതികൾ പ്രകാരം 14487 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആയതിലേയ്ക്കായി ഹെക്ടറിന് 5000/- രൂപ നിരക്കിൽ 723.6 ലക്ഷം രൂപയുടെ സഹായം കർഷകർക്ക് അനുവദിച്ചിട്ടുണ്ട്. 2012-13 വർഷം സംസ്ഥാനത്ത് 3334 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഹെക്ടറിന് 7500/- രൂപ നിരക്കിൽ കർഷകർക്ക് ആനുകൂല്യം നൽകുന്നതിനായി 250 ലക്ഷം രൂപ പദ്ധതിക്കായി നീക്കി വച്ചിട്ടുണ്ട്. |
| (ബി) എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി . സാധ്യതയുള്ള 3334 ഹെക്ടറിൽ 2012-13 വർഷം ഹെക്ടറിന് 7500/- രൂപ നിരക്കിൽ സഹായം നൽകി കരനെൽകൃഷി പദ്ധതി നടപ്പിലാക്കുന്നു. ജില്ല തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | ജില്ല | വിസ്തൃതി (ഹെക്ടർ) |
|---|---|---|
| 1 | തിരുവനന്തപുരം | 100 |
| 2 | കൊല്ലം | 439 |
| 3 | പത്തനംതിട്ട | 100 |
| 4 | ഇടുക്കി | 150 |
| 5 | കോട്ടയം | 200 |
| 6 | ആലപ്പുഴ | 250 |
| 7 | എറണാകുളം | 80 |
| 8 | തൃശ്ശൂർ | 150 |
| 9 | പാലക്കാട് | 180 |
| 10 | മലപ്പുറം | 268 |
| 11 | കോഴിക്കോട് | 650 |
| 12 | വയനാട് | 15 |
| 13 | കണ്ണൂർ | 452 |
| 14 | കാസർഗോഡ് | 300 |
| | ആകെ | **3334** (ഹെക്ടർ) |

(സി) ഏതെല്ലാം ഏജൻസികളുമായി ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത് ?

(സി) കരനെൽകൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർ, സ്വയം സഹായ സംഘങ്ങൾ, ഗ്രൂപ്പുകൾ, സ്കൂളുകൾ എന്നിവർക്ക് പദ്ധതിയിൽ പങ്കാളികളാകാവുന്നതാണ്. എം.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ സേവനം ഈ പദ്ധതിയ്ക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. കരനെൽകൃഷിക്കു വേണ്ട ഗുണമേന്മയുള്ള വിത്ത് , സംസ്ഥാന വിത്ത് അതോറിറ്റി, എൻ.എസ്.സി കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്നും സംഭരിക്കാവുന്നതാണ്. വിവിധ ഉല്പാദന ഉപാധികൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളുടെ സേവനം പദ്ധതിക്കായി പ്രയോജനപ്പെടുത്താവുന്നതാണ്.

സെക്ഷൻ ഓഫീസർ